വരുമാനവർദ്ധനവും, ധനകാര്യ മാനേജ്മെന്റും ദൃശ്യമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുക, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയും നഗരസഭകളുടെ പ്രവർത്തനവേഗം കൂട്ടുന്നതിനും അവ കാര്യക്ഷമമാക്കുന്നതിനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു സംസ്ഥാനതല ഉന്നതാധികാര സമിതി രൂപീകരിക്കുകയും ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല നീഫോം ആന്റ് പെർഫോമൻസ് മാനേജ്മെന്റ് സെല്ലിലേക്കും 14 ജില്ലാതല നീഫോം ആന്റ് പെർഫോമൻസ് മാനേജ്മെന്റ് സെല്ലിലേയ്ക്കും ആവശ്യമായ സാങ്കേതിക വിദഗ്ധരെ ഇതിനകം നിയമിച്ചിട്ടുണ്ട്. നഗരസഭകളിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് സെല്ലും ഐ.എം.ജി. ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. നഗരവികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെയും ശാക്തീകരണ പ്രക്രിയകൾ നടപ്പാക്കുന്നതിന്റെയും ഭാഗമായി ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്മെന്റ് പ്ലാനുകളും, ബിസിനസ് കം ഫിനാൻഷ്യൽ പ്ലാനുകളും കൂടാതെ ഒരു കപ്പാസിറ്റി ബിൽഡിംഗ് പ്ലാനും പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ തയ്യാറാക്കിവരുന്നുണ്ട്.

ശുചിത്വമിഷൻ വഴി നഗര മാലിന്യ നിർമ്മാർജ്ജനം

309 (3291) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജന പദ്ധതികളുടെ നടത്തിപ്പിൽ ശുചിത്വമിഷനുള്ള പങ്കെന്താണെന്ന് അറിയിക്കാമോ ;

(ബി) ഈ ലക്ഷ്യം മുൻനിർത്തി മിഷൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കാമോ ;

(സി) ഈ പദ്ധതികളുടെ നടത്തിപ്പ് മാലിന്യനിർമ്മാർജ്ജനത്തിന് എത്രമാത്രം പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്നറിയിക്കാമോ ;

(ഡി) ശുചിത്വമിഷന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ ലഭ്യമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് അവയ്ക്ക് സാങ്കേതികാനുമതിയും സർക്കാരിൽ നിന്നും ഇക്കാര്യത്തിന് അനുവദിക്കപ്പെടുന്ന തുകയിൽ നിന്നും അർഹമായ സാമ്പത്തിക സഹായവും മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപദേശവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു.

(ബി) നഗരങ്ങളിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനമുള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 27 നഗരസഭകൾക്ക് അനുമതിയും 100% സാമ്പത്തിക സഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ പൊതു മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കുമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കിവരുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുവാൻ സാധിക്കുന്നതിനാൽ പൊതു മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്കെത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ശുചിത്വമിഷന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവഴിക്കപ്പെട്ട തുകയുടെയും വിശദവിവരങ്ങൾ താഴെപ്പറയുന്നു :

വർഷം	വകയിരുത്തിയ തുക (ലക്ഷത്തിൽ)	കിട്ടിയ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	6822.4	5544	5410.54
2012-13	17766	6555	4939.64
2013-14	9185	3253.8	2991.29